**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1317** **04-02-2019 ൽ മറുപടിക്ക്**

## ഭൂമി കയ്യേറ്റം തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ. ശശീന്ദ്രൻ<br>ശ്രീ.പി.ഉണ്ണി<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ.ഡി.കെ. മുരളി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭൂമി കയ്യേറ്റങ്ങൾ തടയുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഭൂമി കൈയ്യേറ്റം തടയുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957, കേരള ഭൂസംരക്ഷണ ചട്ടം 1958, കേരള ഭൂ സംരക്ഷണ ഭേദഗതി നിയമം 2009 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) കയ്യേറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി എല്ലാ ജില്ലകളിലും ജാഗ്രതാസ്ക്വാഡുകൾ രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) കൈയ്യേറ്റം തടയുന്നതിലേക്കായി ജില്ലാതലത്തിൽ എൽ.ആർ ഡെപ്യൂട്ടി കളക്ടർമാരുടേയും, താലൂക്ക് തലത്തിൽ എൽ.ആർ തഹസീൽദാർമാരുടെ നേതൃത്വത്തിലും കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. |
| (സി) കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും ജാഗ്രതക്കുറവ് കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് നിർദ്ദേശിച്ചിട്ടുള്ളത്; | (സി) സമയബന്ധിതമായി കൈയ്യേറ്റക്കാർക്കതിരെ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കെ.എൽ.സി ആക്റ്റിലെ സെക്ഷൻ 7 പ്രകാരം നടപടിയും വകുപ്പ്തല അച്ചടക്കനടപടികളും സ്വീകരിക്കുന്നു. |
| (ഡി) കാലാവധി കഴിഞ്ഞതും വ്യവസ്ഥകൾ ലംഘിച്ചതുമായ പാട്ടഭൂമി തിരിച്ചെടുക്കാൻ എന്തെല്ലാം ഊർജ്ജിത നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) പാട്ട വ്യവസ്ഥ ലംഘിച്ച് സർക്കാർ ഭൂമി ഉപയോഗിക്കുന്നവർ പാട്ട കുടിശ്ശിക വരുത്തിയായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം പാട്ടകുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തികളേയും സ്ഥാപനങ്ങളേയും സംഘടനകളേയും നിയമാനുസൃതം നോട്ടീസ് നൽകി പാട്ട കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കുന്നതിനും പാട്ട കുടിശ്ശിക ഒടുക്കാൻ വിസമ്മതിക്കുന്നപക്ഷം ടി വ്യക്തികളുടെ കൈവശമിരിക്കുന്ന സർക്കാർ ഭൂമി അടിയന്തിരമായി പാട്ടം റദ്ദ് ചെയ്ത് സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**